## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 2204 18.12.2012 ൽ മറുപടിയ്ക്ക്**

## <u>കൊച്ചി മെട്രോ</u>

**<u>ചോദ്യം</u>**

ശ്രീ.എ.കെ.ബാലൻ:
ശ്രീ.ജി.സുധാകരൻ:
ശ്രീ.കെ.സുരേഷ് കുറുപ്പ്:
ശ്രീ.സാജു പോൾ:

**<u>ഉത്തരം</u>**

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോയുടെ അനിശ്ചിതത്വം ഇപ്പോഴും തുടരുന്നുണ്ടോ; ഏറ്റവും ഒടുവിലത്തെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണം വൈകുന്ന ഓരോ ദിവസവും അധിക ചെലവ് എത്രയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല.<br>കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റിന് ആവശ്യമായി വരുന്ന ഭൂമി നാല് ഘട്ടമായാണ് ഏറ്റെടുക്കുന്നത്. ആദ്യത്തേയും രണ്ടാമത്തെയും ഘട്ടങ്ങളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. മറ്റു രണ്ടു ഘട്ടങ്ങളുടെയും നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയ്ക്ക് പാരിസ്ഥിതിക, സാമൂഹിക ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ആലുവ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് മെട്രോ റയിലിന്റെ വയഡക്ടുകൾ നാഷണൽ ഹൈവേയുടെ മധ്യ ഭാഗത്തുകൂടിയാണ് കടന്നു പോകുന്നത്. ഇതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി തേടേണ്ടതുണ്ട്. ഒരു ധാരണാപത്രം തയ്യാറാക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിൽ അളവെടുപ്പ് നടക്കുകയാണ്.<br>മെട്രോ റയിൽ പദ്ധതിയുടെ മുന്നൊരുക്കങ്ങളുടെ ഭാഗമായ |

| | | | |
|---|---|---|---|
| | | | പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി നോർത്ത് മേൽപ്പാലത്തിന്റെ ഇരുവശങ്ങളിലെയും പാലം പണി പൂർത്തിയായി. പദ്ധതിയ്ക്കായി ജിക്കയിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുത്തു വരുന്നു.2012 ജൂലായ് 12-നാണ് കൊച്ചി മെട്രോ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചത്. ഇതിനുശേഷം കേന്ദ്ര, കേരള സർക്കാർ പ്രതിനിധികളെ ഉൾപ്പെടുത്തി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് പുനസംഘടിപ്പിക്കുകയുണ്ടായി. പുതിയ ഡയറക്ടർ ബോർഡ് രൂപീകൃതമായ ശേഷം പദ്ധതിയെക്കുറിച്ചുള്ള പല പ്രധാന തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക വിദ്യ, കോച്ചുകളുടെ എണ്ണം, വലിപ്പം തുടങ്ങിയ കാര്യങ്ങളിൽ ബോർഡ് ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കൊച്ചി മെട്രോ പോലെ ബൃഹത്തായ ഒരു പദ്ധതി ഏറ്റവും നൂതനമായ രീതിയിൽ പ്രവർത്തന സജ്ജമാക്കാനായി കൃത്യമായ മുന്നൊരുക്കം ആവശ്യമാണ്. ഇത് പദ്ധതിയെ വൈകിപ്പിക്കുകയല്ല, മറിച്ച് കൂടുതൽ വ്യക്തതയോടെ, പഴുതുകളില്ലാതെ മുന്നോട്ട് കൊണ്ടുപോവുകയാണ് ചെയ്യുന്നത്. സ്ഥലം ഏറ്റെടുക്കുകയാണ് പദ്ധതിക്കായി ആദ്യം ചെയ്യേണ്ടത്. സ്ഥലം ഏറ്റെടുക്കൽ ത്വരിത |

| | | | |
|---|---|---|---|
| | | | ഗതിയിൽ മുന്നോട്ട് പോകുന്നുണ്ട്. അതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നു എന്ന് ഈ ഘട്ടത്തിൽ പറയാനാവില്ല.നിർമ്മാണം വൈകുന്നതുമൂലം ഓരോ ദിവസവും ഉണ്ടായേക്കാവുന്ന അധിക ചിലവ് കണക്കാക്കിയിട്ടില്ല. |
| (ബി) | മെട്രോ നിർമ്മാണം ഡി.എം.ആർ.സി.യെ ഏല്പിക്കാൻ ക്യാബനറ്റ് തീരുമാനം എടുത്തിരുന്നുവോ; എങ്കിൽ അക്കാര്യം കേന്ദ്ര സർക്കാരിനെയും ഡി.എം.ആർ.സി.യേയും സർക്കാർ ഉത്തരവിലൂടെ അറിയിക്കുകയുണ്ടായോ; എങ്കിൽ തീരുമാനം എടുത്ത് എത്ര ദിവസത്തിനകം ഇല്ലെങ്കിൽ കാരണമെന്ത്; | (ബി) | എടുത്തിരുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഡി.എം.ആർ. സി.യെ ഏൽപ്പിക്കുവാൻ 28.3.2012 ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. പദ്ധതിയ്ക്കായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അന്ന് ഒരു സംസ്ഥാന സർക്കാർ കമ്പനിയായിരുന്നു. അതോടൊപ്പം കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ കേന്ദ്ര അനുമതിക്കുള്ള നടപടി ക്രമങ്ങളും നടക്കുകയായിരുന്നു. കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ 2012 ഏപ്രിൽ 27ാം തീയതിയിലെ കത്തിൽ പദ്ധതിയുടെ അംഗീകാരത്തിനായുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നതിനാലും കെ.എം.ആർ.എൽ എന്ന സംസ്ഥാന സർക്കാർ കമ്പനിയെ ഒരു കേന്ദ്ര- സംസ്ഥാന സർക്കാർ സ്ഥാപനമായി ഉയർത്തുന്ന നടപടി ഒപ്പം പുരോഗമിക്കുന്നതിനാലും ഈ കമ്പനി മറ്റ് കമ്പനികളുമായോ കൺസൾട്ടന്റുമാരുമായോ ഏതെങ്കിലും വിധത്തിലുള്ള കരാർ വ്യവസ്ഥകളുമായി മുന്നോട്ട |

| | | | |
|---|---|---|---|
| | | | പോകുവാൻ പാട്ടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. കേന്ദ്ര സർക്കാർ 2012 ജൂലൈ 12-ാം തീയതി കൊച്ചി മെട്രോ റെയിൽ പദ്ധതിയ്ക്ക് അംഗീകാരം നൽകി. തുടർന്ന് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി 2012 സെപ്റ്റംബർ11 ന് ഡയറക്ടർ ബോർഡ് പുന:സംഘടിപ്പിച്ചു. ഒക്ടോബർ 19 ന് ചേർന്ന അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിലാണ് പദ്ധതിയുടെ നിർമ്മാണ നിർവഹണം ഡി.എം.ആർ.സി യെ ഏൽപ്പിക്കാനുള്ള നിർദ്ദേശം വന്നത്. എന്നാൽ ഡൽഹിക്ക് പുറത്ത് ജോലികൾ ഏറ്റെടുക്കുന്നതിന് ഡി.എം.ആർ.സി ഡയറക്ടർ ബോർഡിന്റെ അനുമതി നിർബന്ധമാക്കിയതായി കെ.എം.ആർ.എൽ ഡയറക്ടർ ബോർഡിനെ അറിയിക്കുകയുണ്ടായി. മേൽ പറഞ്ഞ കാരണങ്ങളാലാണ് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്തത്. |
| (സി) | സംസ്ഥാന സർക്കാരിന് ഭൂരിപക്ഷമുള്ള കൊച്ചി മെട്രോ ഡയറക്ടർ ബോർഡ് യോഗം മെട്രോയുടെ നിർമ്മാണം ആരെയെങ്കിലും ഏല്പിക്കണമെന്ന് തീരുമാനിച്ചിരുന്നുവോ; വായ്പയ്ക്ക് ജൈക്കയെ അല്ലാതെ മറ്റ് ഏജൻസികളേയും കണ്ടെത്താൻ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന സർക്കാരിന് ഭൂരിപക്ഷമുള്ള മുൻ ഡയറക്ടർ ബോർഡ് മെട്രോയുടെ നിർമ്മാണം ഡി.എം.ആർ. സി.യെ ഏൽപ്പിക്കണമെന്ന് തീരുമാനമെടുത്തിരുന്നു. ജിക്കയ്ക്ക് പുറമെ മറ്റ് ഏജൻസികളെയും വായ്പയ്ക്കായി സമീപിക്കാൻ 4.12.2012-ന് ചേർന്ന കെ.എം.ആർ.എൽ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മെട്രോ സംബന്ധമായി സർക്കാർ പ്രഖ്യാപനങ്ങളും പ്രവൃത്തികളും തമ്മിൽ വ്യത്യാസം വരുന്നത് എന്തുകൊണ്ടാണെന്നും നിലപാടിന് വിരുദ്ധമായി പ്രവർത്തിച്ചവർ ക്കെതിരെ എന്ത് നടപടി സ്വീകരിക്കുകയുണ്ടായെന്നും വിശദമാക്കാമോ? | (ഡി) | മെട്രോ സംബന്ധമായി സർക്കാർ പ്രഖ്യാപനങ്ങളും പ്രവൃത്തികളും തമ്മിൽ വ്യത്യാസം വന്നതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ